# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവം : സെമിനാർ നടത്തി

ചെന്നൈ ▸ മദിരാശി കേരളസമാജത്തിൽ നടക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവത്തോടനുബന്ധിച്ചുള്ള സാംസ്കാരിക സന്ധ്യയിൽ ചൊവ്വാഴ്ച സെമിനാർ നടന്നു. തെന്നിന്ത്യൻ ഭാഷകളുടെ പ്രസക്തിയെന്ന വിഷയത്തിലായിരുന്നു സെമിനാർ. മദിരാശി സർവകലാശാല മലയാളവിഭാഗം അധ്യക്ഷൻ ഡോ. പി.എം. ഗിരീഷ് അധ്യക്ഷത വഹിച്ചു. ഇന്ത്യൻ ഭാഷകളിൽ സ്വാതന്ത്ര്യം പുലർത്തുന്ന ഭാഷയാണ് മലയാളമെന്ന് ഗിരീഷ് പറഞ്ഞു.

ഏറ്റവുമധികം ആധുനികതയെ ഉൾക്കൊള്ളാൻ കഴിഞ്ഞ മലയാളത്തിൽ ഇന്ന് പല മലയാളങ്ങളുണ്ട്. സ്വാംശീകരണത്തിന്റെ ഭാഷയാണ് മലയാളം. വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന ഭാഷയായി മലയാളം വളർന്നിരിക്കുന്നുവെന്നും ഗിരീഷ് അഭിപ്രായപ്പെട്ടു. കവിയും തമിഴ്നാട് മുർപോക്ക് എഴുത്താളർ സംഘം നേതാവുമായ ഇരാത്തെ മുത്തു ,മദിരാശി സർവകലാശാല തമിഴ് വിഭാഗം അധ്യക്ഷൻ ഡോ. ജി. പഴനി, കന്നട വിഭാഗം അസി. പ്രൊഫസർ ഡോ. എം. രംഗസ്വാമി, തെലുങ്ക് വിഭാഗം അസി. പ്രൊഫസർ ഡോ. വി. ശങ്കർ റാവു, മലയാള വിഭാഗം അസി. പ്രൊഫസർ ഡോ. ഒ.കെ. സന്തോഷ് എന്നിവർ പ്രസംഗിച്ചു. സി.ടി.എം.എ. സെക്രട്ടറി പി .നന്ദകുമാർ നന്ദി പറഞ്ഞു. എസ് ശ്രീകുമാർ സെമിനാർ നിയന്ത്രിച്ചു.



▶ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകോത്സവത്തിന്റെ ഭാഗമായി ചൊവ്വാഴ്ച സംഘടിപ്പിച്ച സെമിനാറിൽ ഡോ. പി.എം. ഗിരീഷ് സംസാരിക്കുന്നു